**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **12-02-2024 - ൽ മറുപടിയ്ക്ക്**

**വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടു പോകുന്ന പ്രവാസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിലും നിയമക്കുരുക്കുകളിലും ഉൾപ്പെട്ടു പോകുന്ന പ്രവാസികൾക്ക് വേണ്ടി സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങളാണ് ചെയ്തു കൊടുക്കുവാൻ കഴിയുന്നതെന്ന് വിശദമാക്കാമോ? | (എ) | വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമ കുരുക്കുകളിലും ഉൾപ്പെട്ടു പോകുന്ന പ്രവാസികൾക്ക് മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്നതിനായി പ്രവാസി നിയമ സഹായ സെൽ എന്ന പദ്ധതിക്ക് 2018-2019 കാലയളവിൽ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിയമ സഹായം ലഭ്യമാക്കുന്നതിന് വേണ്ടി കുവൈറ്റ്, ഒമാൻ, യു.എ.ഇ, സൗദി അറേബ്യ, ഖത്തർ എന്നീ 5 രാജ്യങ്ങളിലായി 10 നോർക്ക ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിൻ കീഴിൽ ബഹ്റൈൻ, മലേഷ്യ എന്നീ രാജ്യങ്ങളിൽ കൂടി ലീഗൽ കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, ഇത്തരം കേസുകൾ കേന്ദ്ര വിദേശകാര്യ മന്ത്രാലയം, അതതു രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പുവരുത്താനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ